Draft #9 of File AD A1/88238/2/2021 Approved by ASSISTANT REGISTRAR I (ADMIN) on 18-Mar-2023 04:23 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - സർവ്വകലാശാലയുടെ ഐ.റ്റി. സെൽ പ്രവർത്തനം -പ്രൊ വൈസ് ചാൻസലറുടെ ചേംബറിൽ 27.02.2023-ൽ കൂടിയ യോഗത്തിന്റെ നടപടിക്രമം -ശിപാർശകൾ- അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 3138/AD A1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.03.2023

---

*പരാമർശം:*-1. 27.02.2023-ൽ പ്രൊ വൈസ് ചാൻസലറുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ നടപടി ക്രമം.

2. സർവ്വകലാശാല ഉത്തരവ് നമ്പർ :27/Ad A1/2023/എം.ജി.യു.,തീയതി : 03.01.2023.

**ഉത്തരവ്**

സർവ്വകലാശാലയിലെ ഐ.റ്റി. സെൽ പ്രവർത്തനം സംബന്ധിച്ച് പരാമർശം (1) പ്രകാരം പ്രൊ - വൈസ് ചാൻസലറുടെ ചേംബറിൽ കൂടിയ യോഗത്തിലെ താഴെ പരാമർശിച്ചിരിക്കുന്ന ശിപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

1. പരാമർശം (2) പ്രകാരം നിർത്തലാക്കിയ CETEX സെക്ഷനിൽ ചില കോഴ്സുകളുടെ പ്രിന്റിങ് ജോലി കൂടി ചെയ്തിരുന്നു. ടി ജോലികൾ, സമാനമായ ജോലികൾ കൈകാര്യം ചെയ്യുന്ന ഐ.ടി സെൽ പ്രിന്റിങ് സെക്ഷന് നൽകുന്നു. ഇതു സംബന്ധിച്ച ഫയലുകൾ നേരിട്ട് പ്രിന്റിങ് സെക്ഷന് നൽകേണ്ടതും, എന്തെങ്കിലും തരത്തിലുള്ള സാങ്കേതിക സഹായം ആവശ്യം വരുന്ന ഫയലുകൾ മാത്രം ഐ.ടി സെൽ - 2 സെക്ഷന് കൈമാറേണ്ടതുമാണ്.
2. പഴയ ഫോർമാറ്റിൽ എഴുതി നൽകിക്കൊണ്ടിരിക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റ്/പ്രൊവിഷണൽ സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ് എന്നിവയുടെ ഒറിജിനൽ/ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ പി.ഡി./ ടാബുലേഷൻ സെക്ഷനുകളിൽ നിന്നും ഐ.ടി സെൽ പ്രിന്റിങ് സെക്ഷന് നൽകേണ്ടതാണ്.
3. വെബ് അപ്‌ലോഡ്, പരീക്ഷാ ഫീസുമായി ബന്ധപ്പെട്ട് CETEX സെക്ഷൻ നടത്തിയിരുന്ന പ്രവർത്തനങ്ങൾ എന്നിവ നിലവിൽ ഐ.ടി സെൽ - 2 സെക്ഷന്റെ ചുമതലയിൽ തന്നെ തുടരേണ്ടതാണ്. പ്രസ്തുത പ്രവർത്തനങ്ങളിൽ ആവശ്യമായ സാങ്കേതിക മാറ്റങ്ങൾ ഉൾപ്പെടുത്തിയതിന് ശേഷം ആ വിഷയങ്ങളുടെ ചുമതലയെക്കുറിച്ച് തീരുമാനമെടുക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ /ഡിപ്പാർട്ട്മെന്റുകൾ /സ്കൂളുകൾ /സെന്ററുകൾ
2. വൈസ് ചാൻസലർ /പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
5. പി.ആർ.ഒ./ഐ റ്റി സെൽ-1/യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ